6
# വിദ്യാലയം

നമുക്ക് ആദ്യമായി സംരക്ഷണവും വിദ്യയും തരുന്നത് മാതാവിൻെറ മടിത്തട്ടാണ്. അത് കഴിഞ്ഞാൽ വിദ്യാലയമാണ് നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ടത്.

നമുക്ക് അറിവും വിദ്യയും തരുന്നത് വിദ്യാലയങ്ങളാണ്. വിദ്യാലയങ്ങളെ നാം സ്നേഹിക്കണം. ഗുരുനാഥന്മാരെ സ്നേഹിക്കണം. അവരെ അനുസരിക്കണം. വിദ്യാലയങ്ങളെയും അധ്യാപകരെയും സ്നേഹിക്കാതെ നമുക്ക് ഒരിക്കലും ഉയർന്ന് പഠിക്കാൻ സാധിക്കുകയില്ല.

വിദ്യാലയത്തോട് നമുക്ക് ധാരാളം കടമകളുണ്ട്. അതിൽ പ്രധാനമാണ് അതിൻെറ അച്ചടക്കം കാത്തുസൂക്ഷിക്കൽ. അനാവശ്യ ബഹളവും വക്കാണവും ഒഴിവാക്കുകയാണ് അതിന് ചെയ്യേണ്ടത്.

തൻെറ വിദ്യാലയത്തിന് അപകടവും ദുഷ്പേരും വരുത്തുന്ന എല്ലാ കാര്യങ്ങളെയും തടയാനും അതിൽനിന്ന് തൻെറ സ്കൂളിനെ രക്ഷിക്കാനും ഓരോ കുട്ടിയും ബാധ്യസ്ഥരാണ്.

വിദ്യാലയത്തിൻെറ സൽപേര് കാത്തുസൂക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്. എങ്കിലേ നമുക്ക് സൽപേര് ലഭിക്കുകയുള്ളൂ. നമ്മുടെ വിജയത്തിൻെറ കേന്ദ്രമാണത്. നമ്മുടെ ഗുണകാംക്ഷി കൂടിയാണ് വിദ്യാലയം. ഓരോ വിദ്യാർഥിക്കും അത് നന്മ മാത്രമാണ് ആഗ്രഹിക്കുന്നത്.

വിദ്യാലയങ്ങളുടെ പരിശുദ്ധിക്ക് നിരക്കാത്ത ഒന്നും അവിടെ ചെയ്യരുത്. മുതിർന്ന കുട്ടികൾ ചെറിയവരെ ഉപദ്രവിക്കുന്ന രീതിയുണ്ട്. അത് പാടില്ല. വിദ്യാലയങ്ങൾ പരിശുദ്ധങ്ങളാണ്. അവയുടെ പരിശുദ്ധിയെ നാം നശിപ്പിക്കുകയും അരുത്.

തനിക്ക് ഒന്നും കൂടി വിദ്യാർഥിയാകാൻ സാധിച്ചെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരാണ് മുതിർന്നവരൊക്കെ. വിദ്യാലയജീവിതം ജീവിതത്തിലെ ആനന്ദഘട്ടമാണ്. അത് കഴിഞ്ഞുപോയാൽ പിന്നെ തിരിച്ചുകിട്ടില്ല. അതിനാൽ വിദ്യാലയങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക. വിദ്യാലയജീവിതം പരമാവധി കാര്യക്ഷമമായി കൊണ്ടുപോവുക. എങ്കിൽ നാം പരാജയപ്പെടില്ല.

വിദ്യാലയത്തോട് ബന്ധപ്പെടാതെ ആർക്കും ഉന്നതരാകാൻ സാധിക്കില്ല.